"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കാസർഗോഡ് പനത്തടി ഗ്രാമപഞ്ചായത്തിൽ ശ്രീമതി പത്മകുമാരി, പ്രശാന്ത് നിവാസ്, എരിഞ്ഞിലംകോട്-ന് ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമായ ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ച് കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1917/2025/LSGD തീയതി,തിരുവനന്തപുരം, 04-08-2025

---

പരാമർശം:-

1. ശ്രീമതി പത്മകുമാരി ശ്രീ ഇ. ചന്ദ്രശേഖരൻ എം.എൽ.എ. മുഖാന്തരം 09.05.2025 ൽ ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2025 ലെ LSGD/PD/18240/2025-DPLA3 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ പനത്തടി ഗ്രാമപഞ്ചായത്തിൽ നിന്നും ഭവന നിർമ്മാണ ധനസഹായം വഴി ലഭ്യമായ വീട്ടും സ്ഥലവും വിൽക്കുന്നതിന് പ്രത്യേക അനുമതിയ്ക്കായി ശ്രീമതി പത്മകുമാരി, പ്രശാന്ത് നിവാസ്, എരിഞ്ഞിലംകോട് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാൾക്ക് പനത്തടി ഗ്രാമപഞ്ചായത്തിൽ നിന്ന് 2016 ൽ വീട് വയ്ക്കുന്നതിന് 3 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. ടിയാളുടെയും ഭർത്താവിന്റെയും ചികിൽസാർത്ഥം ബാങ്കിൽ 8 ലക്ഷത്തോളം രൂപ ബാദ്ധ്യതയായിരിക്കുന്നതിനാൽ വീട് വിറ്റ് കടം വീട്ടാൻ ഉദ്ദേശിക്കുന്നുവെന്നും വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്. 12 വർഷ കാലാവധിക്കുമുൻപ് ടി ഭൂമി കൈമാറ്റം ചെയ്യണമെങ്കിൽ കൈപറ്റിയ ധനസഹായതുക 9% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതുണ്ട്. വീട് നിർമ്മാണത്തിനായി അനുവദിച്ച തുകയും പലിശയും തിരിച്ചടയ്ക്കുന്നതിന് യാതൊരു വിധത്തിലും അപേക്ഷകയ്ക്ക് സാധിക്കുകയില്ല എന്നതിനാൽ ടിയാളുടെ നിലവിലെ സാഹചര്യം പരിഗണിച്ച് തുകയും പലിശയും ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, കാസർഗോഡ് ജില്ലയിൽ പനത്തടി ഗ്രാമപഞ്ചായത്തിൽ ശ്രീമതി പത്മകുമാരി, പ്രശാന്ത് നിവാസ്, എരിഞ്ഞിലംകോട്-ന് പനത്തടി ഗ്രാമപഞ്ചായത്ത് മുഖേന ലഭ്യമായ ഭവന നിർമ്മാണ ധനസഹായത്തിന്റെ പലിശ ഒഴിവാക്കി മുതൽ മാത്രം തിരിച്ചടച്ചു കൊണ്ട് വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീമതി പത്മകുമാരി ജെ., പ്രശാന്ത് നിവാസ്, എരിഞ്ഞിലംകോട്,
കോളിച്ചാൽ പി.ഒ., കാസർഗോഡ് ജില്ല
സെക്രട്ടറി, പനത്തടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ,ഐ.&പി.ആർ.ഡി,
തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം,
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 04-08-2025 10:56:47
സെക്ഷൻ ഓഫീസർ